(ബി) സി.എൽ.ആർ. ആയി ജോലി നോക്കിയിട്ടുള്ളവരെ സ്ഥിരപ്പെടുത്തിയിട്ടുള്ള ഉത്തരവിൽ ഉൾപ്പെടാതെ വിട്ടുപോയിട്ടുള്ളവർ ഉണ്ടോ ; ഉണ്ടെങ്കിൽ ഇവരെ സ്ഥിരപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ ;

(സി) കെ. എസ്. ആർ. ടി.സി.-യിൽ 25 വർഷമായി ജോലി നോക്കുന്ന സി.എൽ.ആർ. ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നതിന് അർഹതയുണ്ടോ ; ഉണ്ടെങ്കിൽ ഇവരെ ഉൾപ്പെടുത്തി ഉടൻ ഉത്തരവ് പുറപ്പെടുവിക്കുമോ ?

ഉത്തരം

(എ) ഉണ്ട്. 25 വർഷം സേവനം ചെയ്തവരെയാണ് സ്ഥിരപ്പെടുത്തിയിട്ടുള്ളത്.

(ബി) ഇല്ല.

(സി) 2012 സേവന വേതന കരാറിൽ 28-2-2011-ൽ പാനലിലുള്ളവരും 25 വർഷം പൂർത്തീകരിച്ചതുമായ സി.എൽ.ആർ.-കാരെ സ്ഥിരപ്പെടുത്തുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇതു പ്രകാരമുള്ള പ്രാരംഭ നടപടികൾ KSRTC-യിൽ ആരംഭിച്ചിട്ടുണ്ട്.

കെ.എസ്.ആർ.ടി.സി.-യിലെ പെൻഷൻ

321 (3955) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എത്ര റിട്ടയർ ചെയ്ത കെ.എസ്.ആർ.ടി.സി. ജീവനക്കാർ നിലവിൽ പെൻഷൻ കൈപ്പറ്റുന്നുണ്ടെന്ന് വിശദമാക്കുമോ ;

(ബി) പ്രതിമാസം ടി ജീവനക്കാർക്ക് പെൻഷൻ നൽകുന്നതിന് എത്ര രൂപ ആവശ്യമായി വരുമെന്ന് വെളിപ്പെടുത്തുമോ ;

(സി) നിലവിൽ പെൻഷൻകാർക്ക് നൽകാൻ ആകെ എത്ര രൂപ കുടിശ്ശികയുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(ഡി) 2011 ഏപ്രിൽ മാസത്തിൽ KSRTC പെൻഷൻകാർക്ക് പെൻഷൻ ഇനത്തിൽ എത്ര കുടിശ്ശികയുണ്ടായിരുന്നെന്ന് വെളിപ്പെടുത്താമോ ;

(ഇ) കെ.എസ്.ആർ.ടി.സി പെൻഷൻകാരിൽ പെൻഷൻ ലഭ്യമാകാത്തതിനെ തുടർന്ന് സാമ്പത്തിക പ്രയാസംമൂലം എത്ര പേർ ആത്മഹത്യ ചെയ്തെന്നും എത്ര പേർ സമരങ്ങളിലും മറ്റും പങ്കെടുത്ത് കുഴഞ്ഞു വീണ് മരിച്ചെന്നും അറിയുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 2014 സെപ്റ്റംബർ മാസത്തെ കണക്കുപ്രകാരം കെ.എസ്. ആർ.ടി.സി.-യിൽ 36735 ജീവനക്കാർ പെൻഷൻ കൈപ്പറ്റുന്നുണ്ട്.

(ബി) പെൻഷൻ വിതരണത്തിന് പ്രതിമാസം 40.16 കോടി രൂപ ആവശ്യമാണ്.

(സി) 2014 ഒക്ടോബർ, നവംബർ, ഡിസംബർ മാസങ്ങളിലെ പെൻഷൻ കുടിശ്ശികയിനത്തിൽ 122.40 കോടി രൂപ വിതരണം ചെയ്യാനുണ്ട്.

(സി) കുടിശ്ശികയുണ്ടായിരുന്നില്ല.

(ഇ) പെൻഷൻ വിതരണത്തിലെ കാലതാമസംമൂലം ഇത്തരം സംഭവങ്ങളുണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

കെ.എസ്.ആർ.ടി.സി.-ക്ക് സർക്കാരിൽനിന്നും ലഭിക്കാനുള്ള തുക

322 (3956)ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ആർ.ടി.സി.-യുടെ ബാദ്ധ്യതകൾ ഇനിമേൽ സർക്കാരിന് ഏറ്റെടുക്കാൻ സാധിക്കില്ല എന്നുള്ള വിവരം ഹൈക്കോടതിയെ അറിയിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ സാഹചര്യം വെളിപ്പെടുത്തുമോ ;

(ബി) സൗജന്യ യാത്രാപാസുകളും മറ്റ് യാത്രാ ഇളവുകളും അനുവദിച്ച വകയിൽ കെ.എസ്.ആർ.ടി.സി.-ക്ക് എത്ര തുക സർക്കാരിൽനിന്നും ലഭിക്കാനുണ്ട് ;

(സി) പ്രസ്തുത തുകയെ സാധൂകരിക്കുന്ന കണക്കുകൾ കെ.എസ്.ആർ.ടി.സി. നൽകിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ എന്നാണ് നൽകിയത് ?

ഉത്തരം

(എ) കെ.എസ്.ആർ.ടി.സി.-യിലെ പെൻഷൻ വിതരണം സംബന്ധിച്ച നിരവധി കേസുകൾ ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ പരിഗണനയിൽ വന്ന അവസരത്തിൽ സർക്കാരിന്റെ ഭാഗം അറിയിക്കേണ്ടിവന്ന സാഹചര്യത്തിൽ കോർപ്പറേഷന്റെ പെൻഷൻ ബാദ്ധ്യത ഏറ്റെടുക്കുവാൻ സാധിക്കുകയില്ലെന്ന് സർക്കാർ ഹൈക്കോടതിയെ അറിയിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly